**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 115** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഇന്ധന വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇന്ധന വില നൂറു രൂപ കടന്ന സാഹചര്യത്തിൽ മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ അധിക ഇന്ധന നികുതി വേണ്ടെന്നു വയ്ക്കാനുള്ള തീരുമാനം ഈ സർക്കാർ കൈക്കൊള്ളുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | 2011-16 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. ഇന്ധന വിലവർദ്ധനവിനനുസരിച്ച് കൂടിയ വിലയിൻമേലുള്ള അധികനികുതി വേണ്ടെന്നു വയ്ക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും 18-02-2015-ലെ എസ്.ആർ.ഒ. 92/2015 പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 31.80% ആയി ഉയർത്തുകയും ഡീസലിന്റേത് 24.52% ആയി നിശ്ചയിക്കുകയുമുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 01-06-2018 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 30.08% ആയും ഡീസലിന്റേത് 22.76% ആയും കുറയ്ക്കുകയാണ് ചെയ്തത്. എന്നാൽ 06-05-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടേയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടേയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ പെട്രോളിനെയും ഡീസലിനെയും ജി. എസ് .ടി. യിൽ ഉൾപ്പെടുത്തണം എന്ന വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്ന സമീപനം എന്താണെന്ന് അറിയിയ്ക്കാമോ; | (ബി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്. |
| (സി) | ജി. എസ്. ടി. നിയമ പ്രകാരം സംസ്ഥാനങ്ങൾക്ക് നിശ്ചിത ശതമാനം ജി. എസ്. ടി. കോമ്പൻസേഷൻ നൽകാമെന്ന വ്യവസ്ഥ ഏതു വർഷം വരെയാണ് ബാധകമാകുന്നത്; | (സി) | ജി.എസ്.ടി. നിയമ പ്രകാരം സംസ്ഥാനങ്ങൾക്ക് നിശ്ചിത ശതമാനം ജി.എസ്.ടി. കോമ്പൻസേഷൻ നൽകാമെന്ന വ്യവസ്ഥ 2022 വർഷം വരെ ബാധകമാണ്. |
| (ഡി) | പ്രസ്തുത കാലാവധി അവസാനിച്ചു കഴിഞ്ഞാൽ ജി. എസ്. ടി. വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് നികത്താൻ എന്തൊക്കെ കർമ്മ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ചരക്കുസേവന നികുതി നിയമപ്രകാരം സമർപ്പിക്കുന്ന റിട്ടേണുകളുടെയും ലഭ്യമായ മറ്റു വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തുവാനും പരിശോധിക്കുന്നതിനുമായി ഓഡിറ്റ് അസ്സസ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതാണ്. ജി.എസ്.ടി പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. ചരക്കുകളുടേയും സേവനങ്ങളുടേയും മേഖല തിരിച്ചുള്ള വിശകലനവും തെറ്റായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് കണ്ടുപിടിക്കുന്നതിനുള്ള നടപടികളും ഇതിനെ അടിസ്ഥാനമാക്കി ഓഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിക്കുന്നതുമാണ്. ജി.എസ്.ടി നിലവിൽ വന്നതോടുകൂടി അതിർത്തിയിൽ നിലനിന്നിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. ജി.എസ്.ടി നിലവിൽ വന്നതിന് ശേഷം അതിർത്തി വഴിയുള്ള കള്ളക്കടത്ത് തടയുന്നതിന് വേണ്ടിയും സംശയാസ്പദമായ വാഹനങ്ങളുടെ |

| | | | |
|---|---|---|---|
| | | | പരിശോധനയ്ക്കായും അതിർത്തി പ്രദേശങ്ങൾ<br>കേന്ദ്രീകരിച്ച് എ.എൻ.പി.ആർ ക്യാമറ സ്ഥാപിച്ച്<br>പരിശോധന നടത്തുന്നുണ്ട്. എ.എൻ.പി.ആർ ക്യാമറ<br>സംവിധാനം വഴി ശേഖരിച്ച വാഹനത്തിന്റെ നമ്പർ<br>പ്രസ്തുത വാഹനത്തിന് എടുത്തിട്ടുള്ള ഇ-വെ ബില്ലിൽ<br>ലഭ്യമായിട്ടുള്ള വിവരങ്ങളുമായി യഥാസമയം<br>പരിശോധിക്കാനുള്ള സംവിധാനം<br>സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ<br>വകുപ്പിൻെറ വാഹൻ സാരഥി എന്ന പോർട്ടലിലെ<br>വിവരങ്ങളും, ആർ.എഫ്.ഐ.ഡി ഫാസ്റ്റ് ടാഗിന്റെ<br>വിവരങ്ങളും സംയോജിപ്പിച്ച് പ്രസ്തുത<br>വാഹനത്തിന്റെയും ചരക്കുകളുടേയും നീക്കം<br>നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br>ഈ സംവിധാനം വഴി ഇ-വേ ബിൽ എടുക്കാത്ത<br>ചരക്ക് വാഹനങ്ങൾ തിരിച്ചറിയുവാനും ഈ<br>വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന്<br>വേണ്ടി ഇന്റലിജൻസ് സ്ക്വാഡിന് അലർട്ട്<br>നൽകുന്നതിനും സാധിക്കും. കൂടാതെ ഒരു ഇ-വേ<br>ബിൽ ഒന്നിൽ കൂടുതൽ തവണ ചരക്ക് നീക്കുന്നതിന്<br>ഉപയോഗിക്കുന്നത് തടയുന്നതിനും ചരക്ക് നീക്കം<br>നടത്തിയതിന് ശേഷം ഇ-വേ ബിൽ ക്യാൻസൽ<br>ചെയ്യുന്നത് തടയുന്നതിനും ഇതുവഴി സാധിക്കുന്നു.<br>നികുതി വെട്ടിപ്പ് സംശയമുള്ള വ്യാപാരികളുടെ ചരക്ക്<br>നീക്കം കണ്ടെത്തി വിശദ പരിശോധനയ്ക്ക്<br>സ്ക്വാഡുകളെ അലർട്ട് ചെയ്യുന്നതിനും ഈ<br>സംവിധാനം ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ